നമ്പർ. 284818/AD-LEG-ASST-4/2021/Admn

University Of Calicut (AD-Legal Cell)
തീയതി: 01.04.2022

<u>മെമ്മോറാണ്ടം</u>

വിഷയം:- ശ്രീമതി സ്മിത.എസ്. (ഐഡി. നമ്പർ.3369, സെക്ഷൻ ഓഫീസർ ) അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനെതിരെ കുറ്റാരോപണ മെമ്മോ , കുറ്റാരോപണ പത്രം എന്നിവ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) ഭരണവിഭാഗം 'ഇ ' സെക്ഷനിൽ നിന്നുള്ള 30.12.2021 തിയ്യതിയിലെ 110349/AD-E-ASST-3/2018/Admn നമ്പർ അനൗദ്യോഗിക കുറിപ്പ് .
2) ബഹു. വൈസ് ചാൻസലറുടെ 11 ..01.2022 തീയ്യതിയിലെ ഇതേ ഫയലിലെ ഉത്തരവ് .

# UNIVERSITY OF CALICUT
## (ഭരണവിഭാഗം)

സൂചന (1) പ്രകാരം ശ്രീമതി സ്മിത എസ്. ഐഡി. നമ്പർ.3369, സെക്ഷൻ ഓഫീസർ ന് കെ.എസ്.ആർ പാർട്ട് I & II അനുബന്ധം XII C പ്രകാരം വിവിധ കാലയളവുകളിൽ ആയി 9 വർഷത്തോളം അനുവദിച്ച ശൂന്യവേതന അവധിക്ക് (LWA for joining spouse) ശേഷം ടിയാൾ ജോലിയിൽ പുനഃപ്രവേശിച്ചിട്ടില്ല എന്ന് ഭരണവിഭാഗം 'ഇ 'സെക്ഷനിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം കെ.എസ്.ആർ പാർട്ട് I & II അനുബന്ധം XII C പ്രകാരമുള്ള ശൂന്യവേതന അവധി കാലാവധി കഴിഞ്ഞു അനധികൃതമായി ജോലിയിൽ ഹാജരാകാതെയിരിക്കുന്ന ശ്രീമതി. സ്മിത എസ്., നെതിരെ സർവകലാശാല സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാൻ സൂചന (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ 4 പാർട്ട് III സ്റ്റാറ്റ്യൂട്ട് 32 (എ) പ്രകാരമുള്ള കുറ്റാരോപണ മെമ്മോ (Memo of charges) കുറ്റാരോപണ പത്രം (Statement of allegation) എന്നിവ ഇതോടൊപ്പം നൽകുന്നു.

ഡോ. സതീഷ്.ഇ.കെ.
രജിസ്ട്രാർ

ഉത്തരവിൻ പ്രകാരം

Section Officer

സ്വീകർത്താവ്
ശ്രീമതി സ്മിത.എസ്(സെക്ഷൻ ഓഫീസർ,ഐഡി. നമ്പർ.3369).
Copy to :PS to VC/ PA to Reg / SF/ DF/ FC.

ADMINISTRATION BRANCH
30 SEP 2022
UNIVERSITY

\

കാലിക്കറ്റ് സർവകലാശാല
(ഭരണവിഭാഗം)

284818/AD-LEG-ASST-4/2021/Admn 01.04.2022

<u>കുറ്റാരോപണ മെമ്മോ</u>

ശ്രീമതി. സ്മിത.എസ്., ഐഡി.നമ്പർ.3369, സെക്ഷൻ ഓഫീസർ എന്ന താങ്കൾക്ക് വിവിധ കാലയളവുകളിലായി കെ.എസ്.ആർ. പാർട്ട് I & II അനുബന്ധം XII സി പ്രകാരം ശൂന്യവേതന അവധി (LWA for joining spouse) അനുവദിച്ചിരുന്നു. സർവകലാശാല ഉത്തരവ് നമ്പർ. Ad.C1/12428/2010 തിയതി: 29.09.2010 പ്രകാരം 06.10.2010 മുതൽ 06.11.2010 വരെയും, തുടർന്ന് 06.04.2011 മുതൽ 05.04.2016 വരെയും, 06.04.2016 മുതൽ 24.05.2017 വരെയും, 07.07.2018 മുതൽ 06.07.2021 വരെയും ശൂന്യവേതന അവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. ശൂന്യവേതന അവധി തുടർന്നും ദീർഘിപ്പിച്ച് നൽകാനുള്ള താങ്കളുടെ അപേക്ഷയുടെ മറുപടിയായി, 23.06.2021 തിയതി മെമ്മോ പ്രകാരം, ജോലിയിൽ പുനഃപ്രവേശിക്കാൻ നിർദേശം നൽകിയിരുന്നുവെങ്കിലും താങ്കൾ ജോലിയിൽ പുനഃപ്രവേശിക്കുകയോ ആയതിന് മറുപടി നൽകുകയോ ചെയ്തിട്ടില്ല.

കെ.എസ്.ആർ. പാർട്ട് I അനുബന്ധം XII C പ്രകാരം തുടർച്ചയായോ അല്ലെങ്കിൽ വിവിധ ഘട്ടങ്ങളിലായോ 15 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച് കിട്ടിയ ഉദ്യോഗസ്ഥർ അവധി അവസാനിച്ച ഉടൻ ഡ്യൂട്ടിയിൽ തിരിച്ചെത്തിയില്ലെങ്കിൽ, കേരള സിവിൽ സർവീസ് ചട്ടങ്ങൾ 1960 പ്രകാരം നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിച്ച് അവരുടെ സേവനം അവസാനിപ്പിക്കുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കൂടാതെ 05.11.2020 തീയതിയിലെ സ.ഉ.(അ) നം.152/2021/ധന പ്രകാരം കെ.എസ്.ആർ പാർട്ട് I & II അനുബന്ധം XII A/ XII C അല്ലെങ്കിൽ രണ്ടും ചേർത്തോ ശൂന്യവേതനവധി അനുവദിക്കാവുന്ന പരമാവധി കാലയളവ് 5 വർഷം ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ജോലിയിൽ ഹാജരാകാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സർവീസ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും അത്തരം ഉദ്യോഗസ്ഥരെ നടപടിക്രമങ്ങൾ പാലിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്നും കെ.എസ്.ആർ പാർട്ട് I & II അനുബന്ധം XII A ചട്ടം 9 നിഷ്കർഷിക്കുന്നു.

ടി ഉത്തരവുകൾ അടിസ്ഥാനപ്പെടുത്തി, ബഹു: വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം, ജോലിയിൽ പുനഃപ്രവേശിക്കാനും അല്ലാത്ത പക്ഷം 'Deemed Resignation' ആയി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു കൊണ്ട് 28.07.2021, 07.12.2021 എന്നീ തീയ്യതികളിൽ നൽകിയ മെമ്മോകൾ പ്രകാരം താങ്കൾ ജോലിയിൽ പുനഃപ്രവേശിക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല.

കെ.എസ്.ആർ പാർട്ട് I & II അനുബന്ധം XII C നിഷ്കർഷിച്ച് അനുവദിച്ചിട്ടുള്ള ശൂന്യ വേതന അവധി കാലാവധി കഴിഞ്ഞു അനധികൃതമായി ജോലിയിൽ ഹാജരാകാതെയിരിക്കുന്ന താങ്കൾക്കെതിരെ കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 4 ഭാഗം III അനുസരിച്ചുള്ള അച്ചടക്ക നടപടി സ്വീകരിയ്ക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ഈ മെമ്മോ കിട്ടുന്ന തിയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. നേരിട്ട് കാര്യം ബോധിപ്പിക്കാനാഗ്രഹിക്കുന്നുവെങ്കിൽ ആ വിവരം കൂടി അറിയിക്കേണ്ടതാണ്. താങ്കൾക്ക് എതിർവാദ പത്രിക സമർപ്പിക്കുവാൻ നിശ്ചയിച്ചിട്ടുള്ള തിയ്യതിക്ക് മുമ്പ് ഏതു ദിവസവും താങ്കളുടെ താല്പര്യപ്രകാരം മുൻകൂട്ടി നിശ്ചയിക്കുന്ന സമയത്തു കുറ്റാരോപണ പത്രികയിൽ പറഞ്ഞിട്ടുള്ള വസ്തുതകൾക്ക് ആധാരമായ രേഖകൾ പരിശോധിക്കാവുന്നതും പ്രസക്തഭാഗങ്ങൾ കുറിച്ചെടുക്കാവുന്നതുമാകുന്നു. താങ്കളുടെ എതിർവാദ പത്രിക നിശ്ചിത കാലാവധിക്കുള്ളിൽ ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദങ്ങളൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മേൽ പറഞ്ഞിരിക്കുന്ന കുറ്റത്തിന് അടിസ്ഥാനമായ ആരോപണങ്ങളുടെ പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു

<u>കുറ്റാരോപണ പത്രിക</u>

ശ്രീമതി സ്മിത.എസ്, ഐഡി.നമ്പർ.3369 സെക്ഷൻ ഓഫീസർ എന്ന താങ്കൾ 07.07.2018 മുതൽ 06.07.2021 വരെ അനുവദിച്ച ശൂന്യവേതനഅവധി (LWA for joining spouse) കഴിഞ്ഞു ജോലിയിൽ പുനഃപ്രവേശിക്കാതെ അനധികൃതമായി ജോലിക്കു ഹാജരാകാതെയിരിക്കുകയാണ്. 28.07.2021, 07.12.2021 എന്നീ തീയതികളിലെ മെമ്മോകൾ പ്രകാരം ഇക്കാര്യത്തിൽ താങ്കൾക്കുള്ള മറുപടി രേഖാമൂലം അറിയിക്കാനും യഥാസമയം ജോലിയിൽ പുനഃപ്രവേശിക്കാതിരുന്നാൽ 'Deemed Resignation' ആയി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും താങ്കളെ അറിയിച്ചിരുന്നു. എന്നാൽ താങ്കൾ നാളിതുവരെ ജോലിയിൽ പുനഃപ്രവേശിക്കുകയോ ടി മെമ്മോകൾക്ക് രേഖാമൂലം മറുപടി നൽകുകയോ ചെയ്തിട്ടില്ല .

Registrar